


## 'ശയ്യ'

എറണാകുളം ജില്ലാ ഭരണകൂടം മുൻകൈയെടുത്ത് കുടുംബശ്രീയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒരു പുതിയ പ്രവർത്തനമാണ് 'ശയ്യ' എന്ന കിടക്കയുടെ നിർമ്മാണം. കോവിഡ് -19 രോഗ ചികിത്സയുടെ ഭാഗമായി ഇപ്പോൾ പേഴ്സണൽ പ്രൊട്ടക്ഷൻ കിറ്റുകൾ (പിപിഇ) വ്യാപകമായി തയാറാക്കി വരുന്നു. ഇതിന്റെ ഭാഗമായ ഗൗണുകൾ തയ്ക്കാനുള്ള ഓർഡറുകൾ ചെറു തയ്യൽ യൂണിറ്റുകൾക്ക് മുതൽ വൻകിട യൂണിറ്റുകളിൽ വരെ ഇപ്പോൾ ലഭിക്കുന്നു. ഈ ടെയ്‌ലറിങ് യൂണിറ്റുകളിൽ നിന്ന് ഗൗണുകൾ തയ്ച്ച ശേഷം പാഴാകുന്ന വാട്ടർപ്രൂഫ് ആയ മെറ്റീരിയലും തുണിയും ഉപയോഗിച്ചാണ് ശയ്യ എന്ന കിടക്കയുണ്ടാക്കുന്നത്. ഇത്തരത്തിൽ കിടക്കയുണ്ടാക്കാൻ സാധിക്കുമെങ്കിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾക്ക് (സി.എഫ്.എൽ.ടി.സി) കുറഞ്ഞ ചെലവിൽ മെത്തകൾ ലഭ്യമാക്കാൻ കഴിയും. ഇത് കൂടാതെ ടെയ്‌ലറിങ് യൂണിറ്റുകളിൽ നിന്ന് പാഴായിപ്പോകുന്ന തുണി ക്രിയാത്മകമായി ഉപയോഗിക്കാനും യൂണിറ്റുകൾക്ക് പുതിയൊരു വരുമാനം ലഭിക്കുമെന്ന മേന്മയും ഈ ആശയത്തിനുണ്ട്.

ലക്ഷ്മി മേനോൻ (https://www.facebook.com/lakshmi.menon.9699) എന്ന സംരംഭകയാണ് ശയ്യ എന്ന ആശയം കുടുംബശ്രീയ്ക്ക് മുന്നിൽ അവതരിപ്പിച്ചത്. ഈ ആശയത്തിന് വേണ്ട പിന്തുണ നൽകാമെന്നും ടെയ്‌ലറിങ് യൂണിറ്റുകളിൽ നിന്ന് പാഴാകുന്ന ഗൗൺ മെറ്റീരിയൽ ഉൾപ്പെടെ ശേഖരിക്കാൻ സഹായിക്കാമെന്നും അറിയിച്ച് കൊച്ചി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വിസ്ഡം ഡെവലപ്പ്മെന്റ് ഫൗണ്ടേഷൻ എന്ന എൻജിഒ മുന്നോട്ട് വന്നു. കിറ്റെക്സ്,

പോപ്പീസ് തുടങ്ങിയ വൻകിട യൂണിറ്റുകളിൽ നിന്നുള്ള പാഴ്ത്തുണി സൗജന്യമായി ശേഖരിച്ച് ഇങ്ങനെ കിടക്കകൾ തയാറാക്കുന്ന യൂണിറ്റുകളിലേക്ക് എത്തിക്കാമെന്നും കിടക്ക തയാറാക്കാൻ പരിശീലനം നൽകാമെന്നും മാർക്കറ്റിങ്ങിന് സഹായിക്കാമെന്നും ഈ എൻജിഒ ഉറപ്പ് നൽകി. ഇതനുസരിച്ച് ജില്ലാ ഭരണകൂടവുമായി സഹകരിച്ച് കുടുംബശ്രീ 'ശയ്യ' എന്ന ഈ ആശയം പരീക്ഷണാടിസ്ഥാനത്തിൽ സാക്ഷാത്ക്കരിച്ച് തുടങ്ങിയിരിക്കുകയാണ്.

എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയിലെ ഹരിതകർമ്മസേനാംഗങ്ങളാണ് ഈ കിടക്കകൾ ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുന്നത്. ശയ്യ മോഡൽ കിടക്കകൾ എറണാകുളം ജില്ലാ കളക്ടർ എസ്. സുഹാസിന് നൽകുന്ന ചിത്രമാണ് ഈ പോസ്റ്റിനൊപ്പം നൽകിയിരിക്കുന്നത്.

കോവിഡ് കെയർ സെന്ററുകളിൽ എത്തുന്ന ഓരോരുത്തർക്കും ഓരോ കിടക്ക വീതം ലഭ്യമാക്കേണ്ടതുണ്ട്. അതിനാൽ തന്നെ തീരെ ചെലവുകുറഞ്ഞ ഈ കിടക്കകൾ കെയർ സെന്ററുകളുടെ പ്രവർത്തനച്ചെലവ് കുറയ്ക്കാൻ സഹായിക്കും. തീരെ ചെലവുകുറഞ്ഞ ഈ ഉത്പന്നത്തിന്റെ വിപണിയിലെ സ്വീകാര്യതയും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും അനുസരിച്ച് മറ്റ് ജില്ലകളിലേക്കും ശയ്യയുടെ നിർമ്മാണ പ്രവർത്തനം വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. എറണാകുളം ജില്ലയിലെ 14 ബ്ലോക്കുകളിലും ഓരോ യൂണിറ്റുകളെ വീതം ഈ കിടക്ക നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുണ്ട്. പിപിഇ കിറ്റ് ഗൗണുകൾ തയ്ക്കുന്ന ടെയ്‌ലറിങ് യൂണിറ്റുകൾക്ക് സമീപത്തുള്ള യൂണിറ്റുകളെയാണ് ഇങ്ങനെ തെരഞ്ഞെടുത്തിരിക്കുന്നത്. കോവിഡ് കാലത്ത് കുടുംബശ്രീ യൂണിറ്റുകൾക്ക് പുതുതായി വരുമാനം കണ്ടെത്താനുള്ള മറ്റൊരു അവസരമാണ് ശയ്യ എന്ന ഈ ആശയത്തിലൂടെ ലഭിച്ചിരിക്കുന്നത്.